**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6491** **10-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ വില്ലേജ് ഓഫീസുകളിൽ ബാധകമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ വില്ലേജ് ഓഫീസുകളിൽ ബാധകമാക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതുജനങ്ങൾ പ്രവേശിക്കുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തി ഉത്തരവായിരുന്നു. നിലവിൽ സർക്കാർ വിവിധ തലങ്ങളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഇളവു നൽകിയിട്ടുള്ള സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിൽ പ്രവേശിക്കുന്നതിന് പൊതുജനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. |
| (ബി) | കളക്ടേറ്റിലും, താലൂക്ക് ഓഫീസുകളിലും പൊതുജനങ്ങൾ നേരിട്ട് ചെന്ന് ആവശ്യങ്ങൾ നിറവേറ്റുമ്പോൾ വില്ലേജ് ഓഫീസുകൾ മാത്രം അടച്ചിടുകയും ജനലഴികളിലൂടെയും ഓഫീസിന് മുന്നിൽ സ്ഥാപിച്ച പെട്ടികളിൽ നിക്ഷേപിച്ചും അപേക്ഷകൾ സ്വീകരിക്കുന്നത് ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ അത്തരം ബുദ്ധിമുട്ടുകൾ ഇല്ലാത്തതാണ്. വില്ലേജ് ഓഫീസുകളിൽ അപേക്ഷകൾ ഓൺലൈൻ മുഖേനയും നേരിട്ടും സ്വീകരിച്ച് വരുന്നുണ്ട്. കോവിഡ് 19 നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സമയത്ത് മാത്രമാണ് വില്ലേജ് ഓഫീസുകളിൽ അപേക്ഷകൾ നേരിട്ട് കൈപ്പറ്റാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായിരുന്നത്. |
| (സി) | പെട്ടിയിൽ നിക്ഷേപിച്ച അപേക്ഷകളുടെ ന്യൂനതകൾ അപ്പപ്പോൾ അപേക്ഷകനെ അറിയിക്കാത്തത് കാരണം നിരവധി തവണ വില്ലേജ് ഓഫീസുകളിൽ പോകേണ്ടി വരുന്നതിലെ പ്രയാസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കുമോ? | (സി) | ഇത്തരം പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. എങ്കിലും പെട്ടിയിൽ നിക്ഷേപിക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോൺ നമ്പർ നിർബന്ധമായും ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും, അപേക്ഷയിൽ ന്യൂനത കാണുന്ന പക്ഷം ആയത് കാലതാമസം വരുത്താതെ നടപടികൾ സ്വീകരിക്കാൻ വില്ലേജ് ഓഫീസർക്ക് ജില്ലാ കളക്ടർമാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ